| 18-10-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
| --- | --- | --- | --- | --- |

# മധുരമായ കുട്ടികളേ, ദേഹത്തിന്റെ സംബന്ധങ്ങളിൽ ബന്ധനമാണുള്ളത്, അതുകൊണ്ടാണ് ദുഃഖമുണ്ടാകുന്നത്, ആത്മാവിന്റെ സംബന്ധത്തിലിരിക്കൂ അപ്പോൾ അളവറ്റ സുഖം ലഭിക്കും, ഒരു മാതാ-പിതാവിന്റെ ഓർമ്മയുണ്ടാകും.

**ചോദ്യം** : ഏത് ലഹരിയിൽ ഇരിക്കുകയാണെങ്കിൽ മായയെ ജയിക്കുവാനുള്ള ധൈര്യം ലഭിക്കും?
**ഉത്തരം** : കല്പ കല്പം നമ്മൾ ബാബയുടെ ഓർമ്മയിലൂടെ മായയാകുന്ന ശത്രുവിനെ ജയിച്ച് വജ്ര സമാനമായി മാറിയിരുന്നു എന്ന ലഹരിയുണ്ടായിരിക്കണം. ഈശ്വരൻ സ്വയം നമ്മുടെ അമ്മയും അച്ഛനുമാണ്, ഈ സ്മൃതിയിലൂടെ അഥവാ ലഹരിയിലൂടെ ധൈര്യം വന്ന് ചേരും. ധൈര്യം കാണിക്കുന്ന കുട്ടികൾ തീർച്ചയായും വിജയിയാകുന്നു, സദാ ഈശ്വരീയ സേവനത്തിൽ തന്നെ തത്പരരായിരിക്കുന്നു.

**ഗീതം** :അങ്ങയുടെ വിളിക്കായി ആഗ്രഹിക്കുന്നു...........

**ഓംശാന്തി.**ദേവീ ദേവതകളുടെ പൂജാരികൾ പാരലൗകീക അമ്മയേയും അച്ഛനേയും ഓർമ്മിച്ചുകൊണ്ട് തന്നെയാണ് വന്നത്, പിന്നെ ഭക്തർക്കും അറിയാം നമുക്ക് ഭക്തിയുടെ ഫലം നല്കുവാൻ മാതാപിതാവിന് തീർച്ചയായും വരേണ്ടതുണ്ട് എന്ന്. ആ മാതാപിതാവ് ആരാണ് എന്ന് ആ പാവങ്ങൾക്ക് അറിയില്ല. തീർച്ചയായും സംബന്ധമുണ്ട് എന്നതാണ് വിളിക്കുന്നതിലൂടെ തെളിയുന്നത്.ഒന്നുള്ളത് ലൗകീക സംബന്ധം മറ്റൊന്ന് പാരലൗകീക സംബന്ധം.ലൗകീക സംബന്ധം അനേക പ്രകാരത്തിലുണ്ട്. ഇളയച്ഛൻ, വല്യച്ഛൻ, മാമൻ, ഇതെല്ലാം ലൗകീക ബന്ധനമാണ്, അതുകൊണ്ട് പരമപിതാ പരമാത്മാവിനെ വിളിക്കുന്നു. സത്യയുഗത്തിൽ യാതൊരു ബന്ധനവും ഇല്ല എന്നത് കുട്ടികൾക്ക് അറിയാം. ഞങ്ങൾ ഇപ്പോൾ ബന്ധനത്തിലാണ് അങ്ങയുടെ സംബന്ധത്തിൽ വരാൻ ആഗ്രഹിക്കുന്നു എന്ന് പറഞ്ഞ് ബാബയെ വിളിക്കുന്നു. നമ്മൾ അനേക പ്രകാരത്തിലെ ബന്ധനങ്ങളിലാണ് എന്ന് ഭക്തർക്ക് അറിയാം. ദേഹത്തെ ഓർമ്മിക്കുന്നത് കാരണം വളരെയധികം ബന്ധനമാണ്. ദേഹിയുടെ സംബന്ധത്തിലൂടെ ഒരേയൊരു അമ്മയുടേയും അച്ഛന്റേയും ഓർമ്മയുണ്ടാകുന്നു. ലൗകീകത്തെയും പാരലൗകീകത്തെയും ഓർമ്മിക്കുന്നതിൽ രാത്രിയും പകലും പോലെയുള്ള വ്യത്യാസമുണ്ട്. ഇത് ഭൗതീക ബന്ധനം അത് ആത്മീയ സംബന്ധം. സത്യയുഗത്തിലാണ് ഭൗതീക സംബന്ധത്തിലിരിക്കുന്നത്, കാരണം അവിടെ ദുഃഖത്തിന്റെ സംബന്ധം എന്ന് പറയില്ല. ഇവിടെ ദുഃഖത്തിന്റെ ബന്ധനം എന്ന് പറയും. അതിനെ സംബന്ധം എന്ന് പറയില്ല. ഈ കാര്യങ്ങൾ ഒന്നും മുൻപ് അറിയില്ലായിരുന്നു. ഇപ്പോൾ മനസ്സിലാക്കി, തീർച്ചയായും വിളിച്ചിരുന്നു - അല്ലയോ മാതാ പിതാവേ വരൂ. ബാബ തീർച്ചയായും സർവ്വർക്കും സുഖം തന്നെയാണ് നല്കുന്നത്. എന്നാൽ ബാബ എന്ത് സുഖമാണ് നല്കുന്നത് - ഇത് ആർക്കും അറിയില്ല. ഇപ്പോൾ ബാബയുമായാണ് സംബന്ധം, ബാബയിൽ നിന്നും സദാ സുഖം ലഭിക്കുന്നു. സുഖത്തെ സംബന്ധം എന്നും ദുഃഖത്തെ ബന്ധനം എന്നും പറയുന്നു.വന്ന് അങ്ങനെയുള്ള മധുര മധുരമായ കാര്യങ്ങൾ കേൾപ്പിക്കുന്നതിനു വേണ്ടി കുട്ടികൾ മാതാ പിതാവിനെ വിളിക്കുന്നു. അവർ നേരിട്ടല്ലാതെ (ഇൻഡയറക്ട്) വിളിക്കുന്നു, നിങ്ങൾ നേരിട്ട് വിളിക്കുന്നു. അല്ലയോ പരംപിതാ പരമാത്മാവേ എന്ന് അവരും ഓർമ്മിക്കുന്നുണ്ട്. അച്ഛനുണ്ടെങ്കിൽ തീർച്ചയായും അമ്മയും വേണം. ഇല്ലായെങ്കിൽ അച്ഛൻ എങ്ങനെ സൃഷ്ടി നടത്തും. ശിവബാബയ്ക്ക് എങ്ങനെ കുട്ടികൾ കത്ത് എഴുതും? ബാബയ്ക്ക് വായിക്കുവാൻ സാധിക്കില്ല. ശിവബാബ ഇവിടെ ഇരിക്കുകയാണ് അതുകൊണ്ട് ശിവബാബ ത്രൂ ബ്രഹ്മാവ് എന്ന് എഴുതുന്നു. തീർച്ചയായും ശിവബാബ ഏതെങ്കിലും ഒരു ശരീരം ധാരണ ചെയ്യുന്നുണ്ട്. ആത്മാക്കളും പരമാത്മാവും വളരെക്കാലം വേറിട്ടിരുന്നു എന്ന് പാടപ്പെടുന്നുണ്ട്, ബാബയെയാണ് സത്ഗുരു എന്ന് പറയുന്നത്. ബാബ സർവ്വരുടേയും സത്ഗതിദാതാവാണ്. ബാബ വന്ന് ഈ ശരീരത്തിൽ പ്രവേശിക്കുന്നു. എന്നിട്ട് ഇദ്ദേഹത്തിന്റെ 84 ജന്മങ്ങളുടെ രഹസ്യമിരുന്ന് പറഞ്ഞ് തരുന്നു. ബ്രഹ്മാവിന്റെ രാത്രിയെന്നും ബ്രഹ്മാവിന്റെ പകലെന്നും പാടപ്പെടുന്നുണ്ട്. രചയിതാവായ പരംപിതാ പരമാത്മാവാണ് ആദ്യം. ബ്രഹ്മാ വിഷ്ണു ശങ്കരന്മാരെ രചിക്കുന്നു. പരംപിതാവ്, ബ്രഹ്മാവിന്റെ രാത്രിയെ വീണ്ടും ബ്രഹ്മാവിന്റെ പകൽ ആക്കുവാൻ വരുന്നു. പ്രജാപിതാ ബ്രഹ്മാവിന്റെ പകൽ പ്രജാപിതാ ബ്രഹ്മാകുമാർ കുമാരിമാരിടേയും പകലാണ്. സത്യയുഗത്തിനേയും ത്രേതായുഗത്തിനേയുമാണ് പകൽ എന്ന് പറയുന്നത്. ദ്വാപര കലിയുഗത്തിനെ രാത്രിയെന്നും. ഇപ്പോൾ നിങ്ങൾ കുട്ടികൾ വന്നിരിക്കുന്നത് ബാബയിൽ നിന്നും സ്വർഗ്ഗത്തിന്റെ സമ്പത്ത് നേടുവാൻ വേണ്ടിയാണ്. ബാബയെ കുറിച്ച് തന്നെയാണ് പാടുന്നത് അങ്ങ് തന്നെയാണ് അമ്മയും അച്ഛനും.......കൂട്ടുകാരനായി വേഷം മാറിവന്ന് വിനോദിപ്പിക്കുന്നു. പ്രധാനമായും മൂന്ന് സംബന്ധങ്ങളാണുള്ളത് - അച്ഛൻ,ടീച്ചർ,സത്ഗുരു. ഇതിലൂടെ തന്നെയാണ് ലാഭമുള്ളത്. ഇളയച്ഛൻ, വല്യച്ഛൻ, മാമൻ തുടങ്ങിയ സംബന്ധങ്ങളുടെ കാര്യമൊന്നും ഇല്ല. സമ്പൂർണ്ണനായ ബാബ വന്ന് കുട്ടികളെ

സമ്പൂർണ്ണമാക്കുന്നു. നിങ്ങൾ 16 കലകൾ കൊണ്ട് സമ്പൂർണ്ണമായികൊണ്ടിരിക്കുന്നു. നിങ്ങൾ അനുഭവികളാണ്. മറ്റുള്ളവർ എങ്ങനെ എന്ത് അറിയാനാണ്. നിങ്ങളുടെ കൂട്ടുകെട്ടിൽ എന്നുവരെ അവർ വരുന്നില്ലയോ അന്നുവരെ അവർക്ക് എങ്ങനെ മനസ്സിലാക്കുവാൻ സാധിക്കും.

ഭക്തിമാർഗ്ഗത്തിലും ബന്ധനമുണ്ട് എന്ന് നിങ്ങൾക്കറിയാം. രാവണനാകുന്ന 5 വികാരങ്ങളുടെ ബന്ധനത്തിലാകുമ്പോഴാണ് ഓർമ്മിക്കുന്നത്. ബാബയുടെ പേര് തന്നെ ലിബറേറ്റർ എന്നാണ്. ഇംഗ്ലീഷ് വാക്ക് വളരെ നല്ലതാണ്. മനുഷ്യരെ ലിബറേറ്റ് ചെയ്യുന്നു, ദുഃഖത്തിൽ നിന്നുമാണ് ലിബറേറ്റ് ചെയ്യുന്നത്, മായയുടെ ബന്ധനത്തിൽ നിന്നും ലിബറേറ്റ് ചെയ്യുവാൻ വരുന്നു. ഗൈഡുമാണ്. കൊതുകുകളെ പോലെ സർവ്വരേയും തിരികെ കൊണ്ട് പോകും എന്ന് ഗീതയിലും പറയുന്നുണ്ട്, അപ്പോൾ തീർച്ചയായും വിനാശവും സംഭവിക്കും. ബ്രഹ്മാവിലൂടെ സ്ഥാപനയെന്നും ശങ്കറിലൂടെ വിനാശം ചെയ്യുന്നു എന്നും പറയുന്നുണ്ട്. ആരിലൂടെയാണോ സ്ഥാപന ചെയ്യുന്നത് അവരിലൂടെ തന്നെയാണ് പാലനയും ചെയ്യുന്നത്. ഇപ്പോൾ നിങ്ങൾ നമ്പർവാർ പുരുഷാർത്ഥം അനുസരിച്ച് തയ്യാറായികൊണ്ടിരിക്കുന്നു. ദേഹത്തിന്റെ ബന്ധനത്തെ ബുദ്ധികൊണ്ട് ഉപേക്ഷിക്കണം. സന്യാസികൾ വീടും കുടുംബവും ഉപേക്ഷിച്ച് ഓടിപ്പോകുന്നു. നിങ്ങൾ കുടുംബത്തിലിരുന്ന് കൊണ്ടും രാജയോഗം പഠിക്കുന്നു. ജനകന്റെ ഉദാഹരണവുമുണ്ട്. അദ്ദേഹം പിന്നെ പോയി അനുജനകനായി മാറി. വളരെയധികം കുട്ടികൾ പറയുന്നത് ജനകനെ പോലെ നമ്മൾ നമ്മുടെ രാജധാനി(വീട്)യിലിരുന്ന് കൊണ്ട് ജ്ഞാനം കേൾക്കാം എന്നാണ്. ഓരോരുത്തരും അവരവരുടെ വീടുകളിൽ രാജാക്കന്മാരായിരിക്കുമല്ലോ. അധികാരിയെയാണ് രാജാവ് എന്ന് വിളിക്കുന്നത്. അച്ഛൻ, ഭാര്യ, കുട്ടികൾ – ഇത് പരിധിയുള്ള രചനയാണ്. സൃഷ്ടിയും ചെയ്യുന്നു പാലനയും ചെയ്യുന്നു. സംഹാരം നടത്തുവാൻ സാധിക്കില്ല കാരണം സൃഷ്ടി വൃദ്ധി പ്രാപിക്കുക തന്നെ വേണം. പരിധിയില്ലാത്ത അച്ഛൻ തന്നെയാണ് വന്ന് രചന രചിക്കുന്നത് പിന്നെ പഴയതിന്റെ വിനാശവും ചെയ്യുന്നു. പുതിയ സൃഷ്ടിയുടെ സ്ഥാപനയും പഴയതിന്റെ വിനാശവും ബ്രഹ്മാ വിഷ്ണു ശങ്കരന്റെ രചയിതാവായ പരംപിതാ പരമാത്മാവ് തന്നെയാണ് ചെയ്യുന്നത്. ഈ കാര്യങ്ങളെ നിങ്ങൾ കുട്ടികൾ നല്ല രീതിയിൽ അറിയുന്നുണ്ട്. കാര്യങ്ങൾ വളരെ സഹജമാണ്. പേര് തന്നെ വെച്ചിരിക്കുന്നത് സഹജ രാജയോഗം അഥവാ ഓർമ്മ എന്നാണ്. ഭാരതത്തിന്റെ ജ്ഞാനം അഥവാ യോഗം പ്രശസ്തമാണ്.

ബാബ ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ദൈവീക വഴി പറഞ്ഞുതരുന്നു, അതിലൂടെ നിങ്ങൾ സദാ ഹർഷിതമായിരിക്കും. മാതാ – പിതാവിലൂടെയാണ് പുതിയ സൃഷ്ടി രചിക്കപ്പെടുന്നത്. നമുക്ക് ഖുദായാണ് ജന്മം നൽകിയത് ഇത് എല്ലാവരും പറയുന്നുണ്ട്. ഇപ്പോൾ നിങ്ങൾ മനസിലാക്കുന്നുണ്ട് ഖുദാ എങ്ങനെ വന്ന് പുതിയ സൃഷ്ടി രചിക്കുന്നു. പുതിയ സൃഷ്ടിയെ ദത്തെടുക്കുന്നു. മാതാ– പിതാവ് തീർച്ചയായും ഉണ്ട് ്. ബാബയുമുണ്ട് , പിന്നീട് സ്വയം ഈ ബ്രഹ്മാവിലൂടെ ദത്തെടുക്കുന്നു അപ്പോൾ ഈ ബ്രഹ്മാവ് വലിയമ്മയായി. പിന്നീട് ആദ്യ നമ്പറിൽ സരസ്വതിയെ ദത്തെടുത്തു. ബാബ ഈ ബ്രഹ്മാവിൽ പ്രവേശിച്ചിരിക്കുകയാണല്ലോ. ഈ മമ്മ ദത്തെടുക്കപ്പെട്ടതാണ്. നിങ്ങൾക്ക് മാതാ –പിതാവാണ്, പക്ഷേ എനിക്ക് (ബ്രഹ്മാവിന്) പിതാവുമാണ്, പതിയുമാണ്. എന്നിൽ പ്രവേശിച്ച് എന്നെ പത്നിയുമാക്കി ,പിന്നീട് കുട്ടിയുമാക്കി. ഇതെല്ലാം സന്മുഖത്ത് കേൾക്കേണ്ട രമണീകമായ കാര്യങ്ങൾ ആണ്. നിങ്ങളിൽ പോലും നമ്പർവാറായാണ് മനസ്സിലാക്കുന്നത്. ഒരുപക്ഷേ എല്ലാവരും മനസ്സിലാക്കുന്നുവെങ്കിൽ മനസ്സിലാക്കി കൊടുക്കുകയും ചെയ്യും. മനസ്സിലാക്കികൊടുക്കുവാൻ കഴിയുന്നില്ല അർത്ഥം ഒന്നും മനസ്സിലാക്കിയില്ല. ജഢ ബീജത്തിൽ നിന്ന് വൃക്ഷം എങ്ങനെ ഉണ്ടാകുന്നു– ഇത് ആർക്കുവേണമെങ്കിലും വളരെ പെട്ടെന്ന് പറയുവാൻ കഴിയും. പക്ഷേ ഈ പരിധിയില്ലാത്ത വൃക്ഷത്തിന്റെ ജ്ഞാനം എപ്പോൾവരെ ബാബ വന്ന് മനസിലാക്കി തരുന്നില്ലയോ അപ്പോൾവരെ ആരും മനസിലാക്കുന്നതേയില്ല. നിങ്ങൾ അറിയുന്നുണ്ട് നമ്മൾ ബാബയിൽ നിന്നും രാജയോഗം പഠിച്ച് സമ്പത്ത് എടുത്തുകൊണ്ടിരിക്കുന്നു. ഇത് ബുദ്ധിയിൽ ഉണ്ടായിരിക്കണം. ഇപ്പോൾ ഡബിൾ സംബന്ധമാണ്, സത്യയുഗത്തിലാണെങ്കിൽ സിംഗിൾ സംബന്ധമാണ്. പാരലൗകിക ബാബയെ ഓർമ്മിക്കുന്നതേയില്ല. ഇവിടെ നോക്കൂ എല്ലാം ബന്ധനമാണ്. നിങ്ങൾ അറിയുന്നുണ്ട് നമ്മളും ഇപ്പോൾ ആ ബന്ധനത്തിലാണ്. ഇപ്പോൾ ആ ബന്ധനത്തിൽ നിന്നെല്ലാം മുക്തമാക്കുവാൻ ബാബ പിതാവിന്റെ സംബന്ധത്തിൽ വന്നിരിക്കുന്നു. ഇന്നത്തെ കാലത്ത് എത്ര അഭിപ്രായങ്ങളായി. പരസ്പരം വഴക്ക് – ലഹള കൂടികൊണ്ടിരിക്കുന്നു. വെള്ളത്തിന്, ഭൂമിക്കു വേണ്ടി എത്രമാത്രം ലഹളയുണ്ടാകുന്നു. ഇത് ഞങ്ങളുടെ അതിർത്തിയിലാണ്, നിങ്ങളുടെ അതിർത്തിയിലല്ല. തികച്ചും പരിധിയുള്ളതായിരിക്കുന്നു. ഭാരതവാസികൾ സത്യയുഗത്തിന്റെ അധികാരിയാണ് എന്നകാര്യം മറന്നിരിക്കുന്നു.

ആരാണോ അധികാരിയായിരുന്നത് അവർ മറന്നിരിക്കുന്നു. മറക്കേണ്ടതും അത്യാവശ്യമാണ്, അപ്പോൾ ബാബ വന്ന് മനസിലാക്കി തരുന്നു. ഈ കാര്യങ്ങൾ ഇപ്പോൾ നിങ്ങൾ അറിയുന്നുണ്ട് .അവിടെ ബന്ധനമാണ്.

ഇവിടെ മാതാ – പിതാവുമായി സംബന്ധമാണ്. അറിയുന്നുണ്ട് നമ്മൾ ശ്രീമത്തിലൂടെ നടന്ന് അളവററ സുഖത്തിന്റെ സമ്പത്ത് നേടികൊണ്ടിരിക്കുന്നു. ബാബ പറയുന്നു, ബാബ നിങ്ങൾക്ക് സുഖത്തിന്റെ സമ്പത്ത് നൽകുന്നു. പിന്നീട് ശാപം ആര് നൽകുന്നു? മായാ രാവണൻ. ശാപത്തിലൂടെ ദു:ഖം , സമ്പത്തിലൂടെ സുഖം. മനുഷ്യർ ഇത് അറിയുന്നതേയില്ല, അവർക്ക് ദു:ഖം ആരാണ് നൽകുന്നത്? ബാബ സത്യയുഗം സ്ഥാപിക്കുകയാണ് അപ്പോൾ തീർച്ചയായും സുഖത്തിന്റെ സമ്പത്ത് നൽകും. ബാബയെ ദു:ഖം നൽകുന്നവനെന്ന് പറയുവാനേ കഴിയില്ല. ദു:ഖം ശത്രുവാണ് നൽകുന്നത്. പക്ഷേ ഈ കാര്യങ്ങൾ ആരും മനസിലാക്കുന്നതേയില്ല. എവിടുത്തെ കാര്യം എവിടെ കൊണ്ടു പോയി. പറയുന്നു – ലങ്ക കൊള്ളയടിച്ചു, സ്വർണ്ണം കൊണ്ടുവന്നു. സ്വർണ്ണം സിലോണിലല്ല ഉള്ളത്.സ്വർണ്ണം ലഭിക്കുന്നത് ഖനികളിലാണ്. ചില സ്ഥലങ്ങളിൽ നദികളിൽ നിന്നും ലഭിക്കുന്നു.

കുട്ടികൾ അറിയുന്നുണ്ട് ഇത് അനാദി വേൾഡ് ഡ്രാമയാണ്. ഇത് നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ നമ്പർവാർ പുരുഷാർത്ഥം അനുസരിച്ച് ഉണ്ട്. ആരാണോ മനസിലാക്കാത്തത് , മനസിലാക്കി കൊടുക്കുവാൻ കഴിയാത്തത് അവർ എന്ത് പദവി നേടും? പഠിച്ചവരുടെ മുന്നിൽ പോയി തല കുനിക്കേണ്ടി വരും. രാജാ, റാണി, പ്രജ ഇവയിൽ തീർച്ചയായും വ്യത്യാസം ഉണ്ടല്ലോ. ഏതുപോലെ ഈ മമ്മ – ബാബ ഉയർന്ന പദവി നേടുന്നു. നിങ്ങളും ഇത്രയും പഠിച്ച് മമ്മ –ബാബയുടെ സിംഹാസനത്തിൽ ഇരിക്കൂ. വിജയമാലയിലെ മുത്താകൂ. പോയിന്റ് വളരെയധികം നൽകുന്നു. രാജയോഗമാണല്ലോ. നിങ്ങൾ രാജയോഗത്തിലൂടെ രാജപദവി പ്രാപ്തമാക്കൂ. കുറഞ്ഞതിലും കുറഞ്ഞ പുരുഷാർത്ഥം അനുസരിച്ച് പ്രജയെങ്കിലും ആകും. എല്ലായ്പ്പോഴും പറയാറില്ലേ ഫോളോ ഫാദർ. നിങ്ങൾ കുട്ടികളാണല്ലോ. അത് അച്ഛൻ, ഇതും അച്ഛൻ, ഇവിടെ അമ്മയുമുണ്ട്. നമ്പർ വണ്ണായി ഫോളോ ചെയ്യുന്നു. നിങ്ങൾ സഹോദരീ –സഹോദരന്മാർ. അച്ഛൻ ഒന്നായിരിക്കണമല്ലോ. ഓ ഗോഡ് ഫാദർ എന്ന് എല്ലാവരും പറയുമ്പോൾ തീർച്ചയായും എല്ലാവരും സഹോദരീ – സഹോദരനാണ്. വേറെ യാതൊരു ബന്ധവും ഇല്ല. കേവലം സഹോദരീ –സഹോദരന്മാർ, മററുള്ളവർക്ക് അച്ഛൻ, ദാദ, സഹോദരീ –സഹോദരന്മാർ വളരെയധികം ബന്ധമുണ്ട്. അച്ഛൻ ഒന്നാണ്, ദാദയും ഒന്നാണ്. ഒരു പ്രജാപിതാ ബ്രഹ്മാവിലൂടെ രചന രചിക്കുന്നു. നിങ്ങൾ സഹോദരീ –സഹോദരന്മാർ നമ്പർവാർ പുരുഷാർത്ഥം അനുസരിച്ച് പദവി നേടുന്നു. ബാക്കി ഓരോരുത്തരും അവരവരുടെ വൃക്ഷത്തിൽ ഇടംപിടിക്കും. സ്ഥാനം ഉണ്ടല്ലോ. അവിടുന്ന് പിന്നീട് നമ്പർവാറായി വരും. ഇവിടെ ജീവൻ ബന്ധനത്തിലാണ്. ആത്മാക്കൾ അവിടെ നിന്ന് ആദ്യമാദ്യം സുഖത്തിലേക്ക് വരുന്നു അതിനാൽ ആദ്യം ജീവൻ മുക്തരാണ്. ആദ്യമാദ്യം സ്വർഗ്ഗത്തിൽ ഭാരതവാസികളും ജീവന്മുക്തിയിലാണ്. എത്ര നല്ല നല്ല കാര്യങ്ങൾ ബാബ കേൾപ്പിക്കുന്നു. എനിക്ക് ഒരേയൊരു സർവോത്തമനായ ടീച്ചർ, രണ്ടാമതാരുമില്ല. കന്യകമാരും പറയും എനിക്ക് ഒരേയൊരു ശിവബാബ ..... കന്യകമാർ ഇതിൽ പൂർണ്ണമായും ശ്രദ്ധ കൊടുക്കണം. ഈ ഗവൺമെന്റിന്റേതായാൽ പിന്നെ ഈശ്വരീയ സേവനത്തിൽ മുഴുകണം. പിന്നീട് ആസുരീയ കർമ്മം എങ്ങനെ ചെയ്യുവാൻ കഴിയും? ഒരോരുത്തരുടേയും കർമ്മബന്ധനമനുസരിച്ച് നിർദ്ദേശം നൽകുന്നു. പുരോ ഗതിയുണ്ടോ ഇല്ലയോ എന്ന് നോക്കുന്നു. നല്ല തീവ്ര ബുദ്ധിയുണ്ട് എങ്കിൽ ഈശ്വരീയ സേവനം മാത്രം ചെയ്യുന്നു. നിങ്ങൾ കുട്ടികളുടേത് ഈശ്വരീയ സേവനം, നിർവ്വികാരിയാക്കുന്ന സേവനമാണ്. നമ്മൾ സേനയാണ്. ഈശ്വരൻ നമ്മളെ മായയോട് യുദ്ധം ചെയ്യുവാൻ പഠിപ്പിക്കുന്നു. രാവണൻ നമ്മുടെ ഏററവും പഴയ ശത്രുവാണ്. ഇത് കേവലം നിങ്ങൾ മാത്രമാണ് അറിയുന്നത്. നിങ്ങൾ രാവണന്റെ മേൽ വിജയം നേടി വജ്ര സമാനമാകുന്നു. കുട്ടികൾക്ക് ആ ലഹരി ധൈര്യം ഉണ്ടായിരിക്കണം. മനുഷ്യരാണെങ്കിൽ ലഹള കൂടികൊണ്ടിരിക്കുന്നു. എല്ലാ സ്ഥലത്തും നോക്കൂ ലഹള തന്നെ ലഹള. നമുക്ക് ആരുമായും ലഹളയോ ,വഴക്കോ ഇല്ല. ബാബ പറയുന്നു ബാബയെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. മായയുടെ യുദ്ധം ഉണ്ടാകില്ല. പിന്നീട് സമ്പത്തിനെ ഓർമ്മിക്കൂ. ഇതും ആർക്കെങ്കിലും കേൾപ്പിച്ച് കൊടുക്കണമല്ലോ. ബാബയുടെ പരിചയം നൽകി ബാബയുമായി ബുദ്ധിയോഗം ബന്ധിപ്പിക്കണം. അത് നമ്മുടെ അച്ഛനും അമ്മയുമാണ്. ശിവബാബയുണ്ട് അപ്പോൾ നിങ്ങളുടെ അമ്മയാരാണ്? ഇതും എത്ര ഗുഹ്യമായ കാര്യമാണ്. നിങ്ങൾ ചോദിക്കുന്നുണ്ട് ആത്മാവിന്റെ അച്ഛൻ ആരാണ്? അവരും എഴുതി നൽകുന്നു പരമാത്മാവാണ്. ശരി , അമ്മ എവിടെ? അമ്മ ഇല്ലാതെ കുട്ടികളെ എങ്ങനെ രചിക്കും? അപ്പോൾ എല്ലാവരുടേയും ബുദ്ധി ജഗദംബയുടെ ഭാഗത്തേയ്ക്ക് പോകും. ശരി, ജഗദംബയെ എങ്ങനെ രചിച്ചു? ഇതും ആർക്കും അറിയില്ല. നിങ്ങൾ അറിയുന്നുണ്ട് ബ്രഹ്മാവിന്റെ പുത്രിയാണ് സരസ്വതി. അതും മുഖവംശാവലിയാണ്. രചയിതാവ് ഒരേയൊരു ബാബയാണ്. ശരി

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1) എനിക്ക് സർവ്വോത്തമനായ ടീച്ചർ അല്ലാതെ മറ്റാരും ഇല്ല ഈ നിശ്ചയത്തിലൂടെ മാതാ -പിതാവിന് സമാനം പഠിത്തം പഠിക്കണം.

2) ദേഹ ബന്ധനം ബുദ്ധികൊണ്ട് ഉപേക്ഷിക്കണം. ദേവീക വഴിയിലൂടെ നടന്ന് സദാ ഹർഷിതമായിരിക്കണം. ഈശ്വരീയ സേവനം ചെയ്യണം .

**വരദാനം:- മാറിയിരിക്കുന്നതിന് പകരം സ്വയത്തെ അഡ്ജസ്റ്റ് ചെയ്യുന്ന സഹനശീലതയുടെ അവതാരമായി ഭവിക്കട്ടെ.**

പല കുട്ടികളിലും സഹനശീലതയുടെ കുറവുണ്ട് അതിനാൽ ഏതെങ്കിലും ചെറിയ പ്രശ്നം ഉണ്ടാകുമ്പോഴേക്കും മുഖം പെട്ടെന്ന് മാറുന്നു, പിന്നെ പരിഭ്രമിച്ച് ഒന്നുകിൽ സ്ഥലം മാറുന്നതിനെക്കുറിച്ചോ അതല്ലെങ്കിൽ ആരുമായിട്ടാണോ പ്രശ്നമുള്ളത് അവരെ മാറ്റുന്നതിനെക്കുറിച്ചോ ചിന്തിക്കും, സ്വയത്തെ തിരുത്തുകയില്ല, എന്നാൽ മറ്റുള്ളവരിൽ നിന്ന് മാറി നിൽക്കും. അതിനാൽ സ്ഥാനം അല്ലെങ്കിൽ മറ്റുള്ളവരെ മാറ്റുന്നതിന് പകരം സ്വയത്തെ പരിവർത്തനപ്പെടുത്തൂ, സഹനശീലതയുടെ അവതാരമായി മാറൂ. എല്ലാവരോടുമൊപ്പം സ്വയത്തെ അഡ്ജസ്റ്റ് ചെയ്യാൻ പഠിക്കൂ.

**സ്ലോഗൻ: - പരമാർത്ഥത്തിന്റെ ആധാരത്തിൽ വ്യവഹാരത്തെ തെളിയിക്കുക- ഇത് തന്നെയാണ് യോഗിയുടെ ലക്ഷണം.**